
# ചർച്ച് ബുള്ളറ്റിൻ ജൂൺ 2009



2009 ജൂൺ 25–28 ഇടവകയുടെ 31–ാമത് വാർഷിക പെരുന്നാൾ



ജൂൺ 29 വി പത്രോസ്സ് പൗലോസ്സ് ശ്ലീഹന്മാരുടെ ഓർമ്മ പെരുന്നാൾ

മാന്യ വായനക്കാർക്കെല്ലാം
വാർഷിക പെരുന്നാൾ
ആശംസകൾ




ജൂൺ 30 പന്ത്രണ്ട് അപ്പസ്തോലന്മാരുടെ ഓർമ്മ പെരുന്നാൾ



# വികാരിയച്ചൻെറ സന്ദേശം

## കുറേ കിളികളും ഒരു കൊച്ചന്റെ കളികളും..!



ഉത്തര ഭാരതത്തിലെ ഒരു പള്ളിയിൽ ഇക്കഴിഞ്ഞ ഉയിർപ്പു ഞായറാഴ്ച അഭിവന്ദ്യനായ ഒരു ആംഗലേയ പിതാവ് പ്രസംഗിക്കുവാൻ വന്നത് ഒഴിഞ്ഞ ഒരു കിളിക്കൂടുമായാണ്. ജനങ്ങൾ ആകാംഷയോടെ കിളിക്കൂട്ടിലേക്കു തുറിച്ചു നോക്കിയിരിക്കുമ്പോൾ അഭിവന്ദ്യ പിതാവ് പറഞ്ഞുതുടങ്ങി: ''ഞാൻ ഇന്നലെ ടൗണിലൂടെ നടക്കുമ്പോൾ ഒരു കൊച്ചൻ ഈ കിളിക്കൂടും ആട്ടിക്കൊണ്ട് എനിക്കെതിരെ നടന്നു വന്നു. ഈ കൂട്ടിൽ തണുത്തുവിറെക്കുന്ന കുറെ കിളികൾ ഉണ്ടായിരുന്നു. ഞാൻ ആ കൊച്ചനെ തടഞ്ഞുനിർത്തി ചോദിച്ചു, 'മോനേ, എന്താണ് ഈ കൂട്ടയിൽ?' 'കുറേ കിളികൾ, ഞാൻ വയലിൽ വെച്ച് വലയിൽ അകപ്പെടുത്തിയതാണ്' അവൻ അലസമായി ഉത്തരം പറഞ്ഞു.'' 'നീ ഇവയെ എന്തുചെയ്യാൻ പോകുന്നു?' ഞാൻ തിരക്കി. 'ഞാൻ ഇവയെ വീട്ടിൽ കൊണ്ടുപോയി കളിക്കും. ഇവയുടെ ഓരോ തൂവലും ഞാൻ പറിക്കുമ്പോൾ ഇവ ചിലെക്കും, എന്നെ കൊത്തുവാൻ ശ്രമിക്കും. പക്ഷേ, ഈ കൂട്ടിൽ കിടക്കുന്ന ഇവയ്ക്ക് എന്നെ തൊടാനാവില്ല. എല്ലാം എന്തു രസമായിരിക്കും അല്ലേ?' അവൻ മനസ്സിലിരിപ്പ് വെളിപ്പെടുത്തി! 'പക്ഷേ, കുറേക്കഴിയുമ്പോൾ നീ മടുക്കുകയില്ലേ? അപ്പോൾ നീ എന്തുചെയ്യും?' നിസ്സഹായ ജീവികളെ രക്ഷിക്കുവാൻ പഴുതുതേടി ഞാൻ അന്വേഷിച്ചു. 'ഓ.. അതുസാരമില്ല. തൂവൽ പറിച്ചു തീർന്നാൽ ഇവയെ ഞാൻ എന്റെ വളർത്തുപൂച്ചകൾക്ക് കൊടുക്കും. അവയ്ക്ക് കിളികളെ തിന്നുന്നത് വലിയ ഇഷ്ടമാണ്. ചിറകുകൾ നഷ്ടപ്പെട്ടതിനാൽ പറക്കാനാവാത്ത കിളികളെ പൂച്ചകൾ തിന്നുന്നത് കാണാൻ നല്ല രസമായിരിക്കും!' കൊച്ചൻ എന്റെ നിറകണ്ണുകളിലേക്ക് നോക്കിപ്പറഞ്ഞു.ഞാൻ ഒരു നിമിഷം കണ്ണടച്ചുനിന്നിട്ട് ചോദിച്ചു: 'മോനേ, ഈ കിളികൾക്ക് എത്ര രൂപ വേണം?' 'ഹൗ.. താങ്കൾക്ക് ഇവയെ വേണോ?' അവൻ തിരക്കി.'അതേ, എത്ര രൂപ വേണം?' ഞാൻ വിട്ടില്ല. '500 രൂപ' എനിക്ക് വട്ടാണെന്നു കരുതി കൊച്ചൻ തട്ടിവിട്ടു. പേഴ്സ് തുറന്ന് 500 രൂപ കൊച്ചനു കൊടുത്ത ഉടൻ ഞാൻ ഈ കൂട് തുറന്ന് ആ പക്ഷികളെ സ്വതന്ത്രമാക്കി. അവ പറന്നകലുന്നത് കൊച്ചൻ വിസ്മയത്തോടെ നോക്കി നിന്നു. അഭിവന്ദ്യ പിതാവ് തുടർന്നു: ''കാലിയായ ഈ കിളിക്കൂടിനെക്കുറിച്ച് നിങ്ങൾക്ക് പിടികിട്ടിക്കഴിഞ്ഞതിനാൽ ഇനിയും ഞാൻ പറയുന്നത് ശ്രദ്ധിക്കുക. ഒരു ദിവസം പിശാചും സാത്താനും തമ്മിൽ സംസാരിക്കുകയായിരുന്നു. 'ലോകത്തിലുള്ള എല്ലാ മനുഷ്യരെയും ഞാൻ വലയിലാക്കി' സാത്താൻ യേശുവിനെ നോക്കി ജേതാവിനെപ്പോലെ പുലമ്പി. 'എന്താണ് നിന്റെ ഉദ്ദേശം' യേശു സാത്താനോടു തിരക്കി. സാത്താൻ പറഞ്ഞു: 'ഞാൻ പരസ്പരവിദ്വേഷം അവരിൽ കുത്തിവെക്കും. മദ്യം, മയക്കുമരുന്ന്, ദ്രവ്യാഗ്രഹം എന്നിവയാൽ ഞാൻ അവരെ മയക്കും. സകലവിധ ദോഷപ്രവൃത്തികൾക്കും ഞാൻ അവരെ വശംവദരാക്കും. ആയുധങ്ങൾ കണ്ടുപിടിക്കാൻ ഞാൻ അവരെ സഹായിക്കും അങ്ങനെ അവർ തമ്മിൽ തല്ലി തകരും. എല്ലാം എന്തു രസമായിരിക്കും! സാത്താൻ തന്റെ ഇംഗിതം വെളിപ്പെടുത്തി. 'എന്നിട്ട്?' യേശു അന്വേഷിച്ചു. 'അവരെ കൊന്നിട്ട് ഞാൻ നരകത്തിൽ തള്ളും, അവിടെ അവർ എന്നോടൊപ്പം നിത്യദണ്ഡനം അനുഭവിക്കും.' സാത്താൻ ക്രൂരമായി ചിരിച്ചുകൊണ്ടു പറഞ്ഞു. 'അവരെ സ്വതന്ത്രരാക്കുവാൻ നിനക്ക് എന്തു വേണം' യേശു അന്വേഷിച്ചു. 'എന്തിനാണ് നിനക്ക് ഇവരെ, ഇവർ നല്ലവരല്ല. നീ ഇവരെ സ്വീകരിച്ചാൽ ഇവർ നിന്നെ വെറുക്കും, തുപ്പും, അടിക്കും, അവസാനം ക്രൂശിക്കും.' സാത്താൻ വിവരിച്ചു. 'നിനക്ക് എന്തു വേണമെന്നു പറയുക' യേശുവിന്റെ വാക്കുകളിൽ നിശ്ചയദാർഢ്യം. ദൃശ്യമായിരുന്നു. 'നിന്റെ രക്തം മുഴുവനും' സാത്താൻ നാവുനുണഞ്ഞുകൊണ്ട് പറഞ്ഞു. 'അങ്ങനെയാവട്ടെ.' എന്നു പറഞ്ഞിട്ട് <u>യേശു മനുഷ്യന്റെ വീണ്ടെടുപ്പുവില ക്രൂശിൽ നൽകി..''</u>

പെരുന്നാൾ ആശംസകളോടെ സസ്നേഹം നിങ്ങളുടെ പോൾ അച്ചൻ

# Announcements

ശ്ലീഹാ നോമ്പാരംഭം ജൂൺ 16

ഇടവകയുടെ വാർഷിക പെരുന്നാൾ ജൂൺ 28–ാം തീയ്യതി ഞായർ വൈകീട്ട് 7:30 ന് വി: കുർബ്ബാന

**26-06-2009 Friday cottage prayer meeting ശ്രീ ജോർജ്ജ കുറിയാക്കോസിൻെറ ഭവനത്തിൽ വച്ച് നടത്തപ്പെടുന്നു. വൈകീട്ട് 7:30–ന്.**

നമ്മുടെ ഇടവകാംഗങ്ങളായ

ശ്രീ M O ബെന്നിയുടെ ഭാര്യാ പിതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു.

ശീ എൽദോ കെ മാത്യുവിൻെറ ഭാര്യാ പിതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു.

ശ്രീ സാജു എബ്രാഹാമിൻെറ മാതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നതോടൊപ്പം സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപെടുത്തുന്നു.

Our Member Mr. Rejoy Mathews Cheriyan & Family Have Been Blessed With A Baby Girl & Named Ryna.

Cottage Prayer Meeting നടത്തുവാൻ താൽപര്യമുള്ളവർ ശ്രീ രാജു. കെ വർഗ്ഗീസിനെ ബന്ധപ്പെടുക. (39974567) വീടുകളിൽ നടത്തുവാൻ സൗകര്യമില്ലാത്തവർക്ക് പള്ളിയിൽ വച്ച് നടത്തുന്നതിന് സൗകര്യമുണ്ടായിരിക്കും.

യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 50–ാമത് chain prayer ജൂൺ മാസം 23–ാം തീയ്യതി ചൊവ്വാഴ്ച സന്ധ്യാ പ്രാർത്ഥനയോടെ ആരംഭിച്ച് 24–ാം തീയ്യതി ബുധനാഴ്ച മദ്ധ്യസ്ഥ പ്രാർത്ഥനയോടെ അവസാനിക്കുന്നു.

യൂത്ത് അസ്സോസിയേഷൻ പ്രതിമാസ യോഗം എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും, മൊർത്ത്–മറിയം വനിതാ സമാജം എല്ലാ ഒന്നും, മൂന്നും വെള്ളിയാഴ്ചകളിലും, സോഷ്യൽ സർവ്വീസ് ലീഗ് എല്ലാ നാലാം വെള്ളിയാഴ്ചകളിലും നടത്തപ്പെടുന്നു.

# പരിശുദ്ധ യാക്കൂബ് തൃതിയൻ പാത്രിയർക്കീസ് ബാവ

പരിശുദ്ധ യാക്കൂബ് തൃതിയൻ പാത്രിയർക്കീസ് ബാവ 1912 ഒക്ടോബർ 13–ാം തീയ്യതി ഞായറാഴ്ച ഇറാഖിലെ മുസലിനടുത്തുള്ള ബർത്തലെ എന്ന ഗ്രാമത്തിൽ തോമായുടേയും, ശ്മുനിയുടേയും മകനായി ഭൂജാതനായി. ബാവായുടെ മാമ്മോദീസാ പേര് ശാബാ എന്നായിരുന്നു. സ്വന്ത ഗ്രാമമായ ബർത്തലേയിൽ പ്രാഥമീക വിദ്യാഭ്യാസം നടത്തി. 1923–ൽ മോർ മത്തായിയുടെ ദയറായിൽ വൈദിക വിദ്യാർത്ഥിയായി ചേർന്നു. 1924–ൽ മോർ ക്ലീമ്മീസ്സ് യൂഹാനോൻ മെത്രാപ്പോലിത്തായിൽ നിന്നും കോറൂയോ പട്ടവും, 1929–ൽ പരിശുദ്ധ ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവായിൽ നിന്നും യൗഫദിയക്കോനോ പട്ടവും സ്വീകരിച്ചു. 1931 മുതൽ 1933 വരെ ബെയ്റൂട്ടിലെ വൈദീക പാഠശാലയിൽ സുറിയാനി മല്പാനായിരുന്നു. അറബി, ഇംഗ്ലീഷ്, ഫ്രഞ്ച്, എന്നി ഭാഷകൾ നന്നായി കൈകാര്യം ചെയ്യുമായിരുന്നു. 1933 കർക്കിടകം 20–ാം തീയ്യതി പരിശുദ്ധ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ അബ്ദുൾ ആഹാദ് എന്ന പേരിൽ റമ്പാനാക്കി. പരിശുദ്ധ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനായി മലങ്കരയിൽ നിന്നെത്തിയ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യുലിയോസ് ഏലിയാസ് ബാവായോടു കൂടെ 1933–ൽ അബ്ദുൾ ആഹാദ് റമ്പാൻ മലങ്കരയിൽ വന്നു. 1934–ൽ മോർ യുലിയോസ് ഏലിയാസ് ബാവാ റമ്പാനെ കശീശയാക്കി. റമ്പാച്ചൻ 1933 മുതൽ 1946 വരെ മഞ്ഞനിക്കരയിൽ താമസ്സിക്കുകയും, തനിക്കു യൗഫദിയക്കോനോ പട്ടം തന്ന പരിശുദ്ധ ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവായുടെ കബറിങ്കൽ ശുശ്രൂഷിക്കുകയും, വൈദീക വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയും ചെയ്തു. 1946–ൽ റമ്പാച്ചൻ മൂസ്സലിലേക്കു തിരിച്ചുപോയി. ഇദ്ദേഹത്തോടൊന്നിച്ചാണ് കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയായി തിരെഞ്ഞെടുക്കപ്പെട്ട ചെറായി മുളയിരിക്കൽ പൗലോസ് റമ്പാച്ചനും (പൗലൊസ് മോർ സേവേറിയോസ്സ്), അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തയായി തിരെഞ്ഞെടുക്കപ്പെട്ട നെടുമ്പാശേരി പൈനാടത്ത് വയലിപറമ്പിൽ തോമസ് വർഗീസ് കശീശായും (ഗീവർഗീസ് മോർ ഗ്രീഗോറിയോസ്) മേൽപട്ട സ്ഥാനമേൽക്കുന്നതിനായി ഹോംസിലേക്കു യാത്രയായത്. 1946 മുതൽ 1950 വരെ റമ്പാച്ചൻ വരെ മൂസലിലെ മോർ അഫ്രേം വൈദീക സെമിനാരിയുടെ ചുമതല വഹിച്ചു. 1950–ൽ അബ്ദുൾ ആഹാദ് റമ്പാച്ചനെ ബെയ്റൂട്ട്–ഡമാസ്ക്കസ് ഇടവകകളുടെ മെത്രാപോലീത്തയായി യാക്കോബ് മോർ സേവേറിയോസ് എന്ന പേരിൽ പരിശുദ്ധ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ വാഴിച്ചു. 1957 ജൂൺ 23–ാം തീയ്യതി പരിശുദ്ധ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ കാലം ചെയ്തപ്പോൾ 1957 ഒക്ടോബർ 14–ന് കൈമാഖാം കുറിയാക്കോസ് മോർ ഒസ്താത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പരിശുദ്ധ സുന്നഹദോസ് യാക്കോബ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായെ പാത്രിയർക്കിസായി തിരഞ്ഞെടുക്കപെടുകയും 1957 ഒക്ടോബർ 27–ാം തീയ്യതി സ്ഥാനാഹോരണം ചെയ്തു. പ. യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവാ സ്ഥാനോഹരണം ചെയ്ത ഉടനെ സഭാ സമാധാനത്തിനുള്ള

താത്പര്യം വ്യക്തമാക്കികൊണ്ട് 1957 നവംബർ 11-ാം തീയ്യതി 82-ാം നമ്പറായി കല്പന പുറപെടുവിച്ചു. പാത്രിയർക്കീസ് പക്ഷം ഹൈക്കോടതിയിൽ പൂർണ്ണമായി വിജയിച്ചിരുന്ന അവസരത്തിലായിരുന്നു ഈ കല്പന. 1958 ഡിസംബർ 16-ാം തീയ്യതിയിലെ 497-ാം നമ്പർ കല്പന പ്രകാരം മോർ ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമനെ കാതോലിക്കയായി സ്വീകരിച്ചു. എന്നാൽ 1963 ജനുവരി 3-ാം തീയ്യതി മോർ ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമൻ കാലം ചെയ്തു. 1964 മെയ് 22-ന് മോർ ഔഗേൻ തീമൊത്തിയോസിനെ കിഴക്കിൻെറ മാതോലിക്കയായി വാഴിച്ചു.

പരിശുദ്ധ യാക്കോബ് തൃതിയൻ ബാവായുടെ പാത്രിയർക്കീസെന്ന നിലയിലുള്ള 23 വർഷങ്ങളിലെ ശുശ്രൂഷകൾ അഭിനാർഹമാണ്. ഈ കാലയളവിൽ രണ്ടു കാതോലിക്കന്മാരേയും 13 മെത്രാപ്പോലീത്തന്മാരായും വാഴിച്ചു. മലങ്കരയ്ക്കു വേണ്ടി 1970-75 കാലഘട്ടത്തിൽ 6 മെത്രാപ്പോലീത്തന്മാരായും, സിംഹാസന പ്രതിനിധിയായി മോർ തീമൊത്തിറയാസ് അഫ്രേം ആബൂദി മെത്രാപ്പോലീത്തായെയും വാഴിച്ചു. പ. യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവായുടെ സ്വരമാധുര്യം പ്രശംസനീയമാണ്. നിരവധി മണിക്കൂറുകളെടുത്ത് പാടിയ എക്കാറകൾ (സുറിയാനി രാഗങ്ങൾ) കാസറ്റുകളിലായി പ്രചാരത്തിലുണ്ട്.

1971 ഒക്ടോബറിൽ പശ്ചിമ ജർമ്മനിയിലെ ഗോറ്റിൻഗൻ സർവ്വകലാശാലയിൽ സുറിയാനി ഓർത്തഡോക്സ് സഭയെ സംബന്ധിച്ച് അവതരിപ്പിച്ച പ്രബന്ധം പരിശുദ്ധ ബാവായുടെ പാണ്ഡിത്യത്തിനും സുറിയാനി സഭക്കും അംഗീകാരമുണ്ടാക്കി. 1971-ലും, 1980-ലും റോമൻ കത്തോലിക്കാ സഭയുമായി സഭൈക്യ ചർച്ചകൾ നടത്തുകയും മാർപാപ്പയെ സന്ദർശിച്ച് സംഭാഷണങ്ങൾ നടത്തുകയും സഭാബന്ധം ശക്തിപ്പെടുത്തുകയും ചെയ്തു. ലബനോനിലെ അച്ചാണിയിൽ ആധുനീക രീതിയിൽ പണികഴിപ്പിഴിച്ചിട്ടുള്ള അനാഥമന്ദിരം, വൈദീക സെമിനാരി, ബെയ്റൂട്ടിലെ മാർ സേവേറിയോസ് കോളേജ് സഹലയിലെ മെത്രാസന അരമന, ദമാസ്ക്കസിലെ പാത്രിയർക്കാ ആസ്ഥാനം, മോർ അഫ്രേം ലൈബ്രറി എന്നിവ പരിശുദ്ധ ബാവായുടെ പരിശ്രമത്താൽ പരിപോഷിപ്പിക്കപ്പെട്ടവയാണ്.

1960-ൽ W.C.C-യിൽ സുറിയാനി സഭ അംഗമാകുകയും, നിരവധി വൈദീകരേയും മെത്രാപ്പാലീത്താന്മാരേയം വിദേശങ്ങളിൽ ഉപരിപഠനത്തിനയക്കുകയും, സഭാ സമ്മേളനങ്ങളിൽ പ്രതിനിധികളെ അയക്കുകയും അതുവഴി സഭയുടെ മഹത്വം ഉയർത്തികാട്ടുന്നതിന് പരിശ്രമിക്കുകയും ചെയ്തു. 1964-ൽ പ. യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവാ ബഹറിൻ സന്ദർശിച്ചിട്ടുണ്ട്.

1980-ൽ ജൂൺ 25-ന് പ. യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവാ 68-ാമത്തെ വയസ്സിൽ കാലം ചെയ്തു. ജൂൺ 28-ന് ദമസ്കോസിലെ പാത്രിയർക്കാ അരമനയുടെ ചേർന്നുള്ള സെൻറ് ജോർജജ് കത്തീഡ്രലിൻെറ മദ്ബഹായുടെ കിഴക്കുഭാഗത്തായി കബറടക്കിയിരിക്കുന്നു. പരിശുദ്ധ ബാവായുടെ ഓർമ്മപെരുന്നാൾ സുറിയാനി സഭ ജൂൺ 25-ാം ആഘോഷിക്കുന്നു.



1964–ൽ പരിശുദ്ധ യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവാ ഇപ്പോഴത്തെ പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായൊടൊപ്പം (അന്ന് സഖാ മോർ സേവേറിയോസ് മെത്രാപ്പോലീത്താ) ബഹറിൻ സന്ദർശിച്ചപ്പോൾ.

<u>ബാവായുടെ ജീവചരിത്ര ലേഖനവും, ഫോട്ടോയും സമാഹരണം സജി കെ മത്തായി</u>

## ജോൺ ബനിയൻ<1628--1688>

ലോകത്തിലെ മിക്കവാറും എല്ലാ ഭാഷകളിലേക്കും പരിഭാഷപ്പെടുത്തിയിട്ടുള്ള ക്രിസ്തീയഗ്രന്ഥം വിശുദ്ധ ബൈബിൾ കഴിഞ്ഞാൽ ഒരുപക്ഷേ 'പരദേശീ മോക്ഷയാത്ര' ആയിരിക്കും. ബൈബിൾ കഴിഞ്ഞാൽ ഏറ്റവും പ്രചാരമുള്ള ഗ്രന്ഥവും അതുതന്നെ. വളരെ നാളത്തെ സ്വന്തം തടവറവാസം നിരാശയ്ക്കും മന:ക്ലേശത്തിനും ഇടവരുത്തുന്നതിന് പകരം അനേകായിരങ്ങളെ പ്രത്യാശയിലേക്കും ശുഭാപ്തിവിശ്വാസത്തിലേക്കും നയിക്കുന്ന ഒരു ചൂണ്ടുപലകയായി മാറ്റി എന്നതാണ് പരദേശി മോക്ഷയത്രയുടെ കർത്താവായ ജോൺ ബനിയനു സാധിച്ച വലിയ നേട്ടം. പ്രായഭേദമെന്യെ ജാതിമതഭാഷാഭേദമേന്യെ ലോകത്തെമ്പാടും ഉപയോഗിക്കപ്പെടുന്നു പ്രസ്തുത ഗ്രന്ഥം. പരദേശിമോക്ഷയാത്രയ്ക്കു ലഭിച്ച ഈ അപൂർവ്വ ബഹുമതി ക്രൈസ്തവ സാഹിത്യകാരന്മാർക്കും പുസ്തക പ്രസാധകർക്കും തീർച്ചയായും ഒരു പ്രോൽസാഹനവും അഭിമാനവും ആകുന്നു. മൂന്നര ശതകങ്ങൾക്കു മുൻപ് ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന ഈ ക്രൈസ്തവ സാഹിത്യകാരൻെറ ത്യാഗോജ്വലമായ ജീവചരിത്രം ആരെയും കോൾമയിർ കൊള്ളിക്കുന്നതാണ്. വിശ്വാസത്തിൽ നിലനിൽക്കേണമെന്നും, അനേക കഷ്ടങ്ങളിലൂടെ സ്വർഗ്ഗരാജ്യത്തിൽ കടക്കേണ്ടതാണെന്നുമുള്ള (അ.പ്ര. 14:22) പൗലോസ് അപ്പൊസ്തലൻെറ ഉപദേശത്തിനു വിധേയനായി ജീവിച്ചിരുന്ന ഈ ക്രൈസ്തവഭക്തൻ, ആധുനിക ക്രൈസ്തവ സഭകൾക്ക് ഒരു മാതൃകയും ചൂണ്ടുപലകയുമാണ്.

എ.ഡി 1628 ൽ ഇംഗ്ളണ്ടിലെ ബഡ്ഫോർഡിനു സമീപമുള്ള എൽസ്റ്റോ എന്ന ഗ്രാമത്തിൽ തോമസ് ബനിയൻ എന്ന തകരപ്പാത്ര നിർമാണതൊഴിലാളിയുടെ മകനായിട്ടാണ് ജോൺ ബനിയൻ ജനിച്ചത്. ജോണിൻെറ ജ്ഞാനസ്നാനം 1628 നവംബർ 30 ന് ആയിരുന്നു എന്ന് പള്ളി രജിസ്റ്ററിൽ രേഖപ്പെടുത്തിയരിക്കുന്നു. സാമ്പത്തികമായി ക്ലേശം സഹിച്ചിരുന്നെങ്കിലും തറവാടിത്തത്തിലും ആഭിജാത്യത്തിലും വളരെ മുൻപന്തിയിലായിരുന്നു ബനിയൻ കുടുംബം. അത്യാവശ്യത്തിനു മാത്രം എഴുത്തും വായനയും അഭ്യസിച്ചതിനു ശേഷം കുലത്തൊഴിലായ തകരപ്പാത്ര നിർമാണത്തിലേക്ക് ചെറുപ്പത്തിൽ തന്നെ ജോണും പ്രവേശിച്ചു. പതിനാറാമത്തെ വയസ്സിൽ അമ്മ മരിച്ചതിനെ തുടർന്ന് ജോണിൻെറ പിതാവ് പുനർവിവാഹം ചെയ്തു. അതോടുകൂടി വീടു വിട്ടിറങ്ങിയ ജോൺ നേരെ പോയത് പട്ടാള ക്യാമ്പിലേക്കായിരുന്നു. ഇംഗ്ലണ്ട് അപ്പോൾ ഒരു യുദ്ധത്തിന് തയാറെടുക്കുന്ന സമയമായിരുന്നു. അന്ന് യുദ്ധമുന്നണിയിൽ താൻ പ്രവർത്തിച്ചില്ലെങ്കിലും അദ്ദേഹത്തിനു പകരം ഡ്യൂട്ടി ചെയ്തിരുന്ന പട്ടാളക്കാരൻ കൊല്ലപ്പെട്ടത് ദൈവത്തെക്കുറിച്ചുള്ള ചിന്ത ജോണിൻെറ ഹൃദയത്തിൽ ഉരുവാകാൻ ഇടയാക്കി. വെടിയുണ്ടയിൽ നിന്നും വിഷസർപ്പത്തിൽ നിന്നും മുങ്ങിമരണത്തിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ടിട്ടുള്ള ബനിയന് ദൈവകൃപയെക്കുറിച്ചും ദൈവനടത്തിപ്പിനെപ്പറ്റിയുമുള്ള കാഴ്ചപ്പാട് വ്യക്തമായി. പക്ഷെ ഇതൊന്നും ആത്മാവിനെ വിശുദ്ധിയിലേക്കും രക്ഷയിലേക്കും നയിക്കാൻ ഇടയാക്കിയിരുന്നില്ലെന്ന് അദ്ദേഹം തുറന്നു സമ്മതിച്ചിട്ടുണ്ട്. പട്ടാളജീവിതം ദുസ്സഹമായിത്തോന്നിയതോടെ അവിടെ നിന്നും പിരിഞ്ഞ ജോൺ ഇരുപതാമത്തെ വയസ്സിൽ വിവാഹിതനായി. സാമ്പത്തികമായി വളരെ താഴേക്കിടയിലുള്ള ഒരു പെൺകുട്ടിയായിരുന്നു വധു.

തുടരും, സമാഹരണം ബിജു തേലപിള്ളി



Out Going 12th Class Students Of Our Parish With H.G Mathews Mor Aphrem & Sunday School Head Master Mr. P .V Jacob



Out Going 10th Class Students Of Our Parish With H.G Mathews Mor Aphrem & Sunday School Head Master Mr. P .V Jacob



Out Going 10th Class Students Of Our Sunday School with H.G Mathews Mor Aphrem & Sunday School Head Master Mr. P .V Jacob

## യാക്കോബായ സഭയുടെ എംപ്ലോയീസ് സഹ. സംഘം മന്ദിരം തുറന്നു



കോലഞ്ചേരി: മലങ്കര എംപ്ലോയീസ് സഹകരണ സംഘത്തിന്റെ ഓഫീസ് മന്ദിരം പുത്തൻകുരിശിൽ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ ഉദ്ഘാടനംചെയ്തു.





മഹാ പരിശുദ്ധനായ മോർ ഗീവർഗ്ഗീസ് സഹദായുടെ പെരുന്നാളിനോടനുബന്ധിച്ച് അപ്പവും-ഇറച്ചിയും നേർച്ചയുണ്ടാക്കുന്നതിൻെറ ദൃശ്യങ്ങൾ











മഹാ പരിശുദ്ധനായ മോർ ഗീവർഗ്ഗീസ് സഹദായുടെ പെരുന്നാളിനോടനുബന്ധിച്ച് അപ്പവും-ഇറച്ചിയും നേർച്ചയുണ്ടാക്കുന്നതിന്റെ ദൃശ്യങ്ങൾ







## മോർ ഗീവർഗ്ഗീസ് സഹദായുടെ ഈ വർഷത്തെ ഓർമ്മ പെരുന്നാൾ

1. A Believer
2. Abjil Polson Pynadath
3. Abraham Mathew
4. Ajeesh & Anish Achenkunj
5. Ajith Kuriakose & Family
6. Alan Robins
7. Alex John & Family
8. Alwin & Edwin Pynadath
9. Alwin Saju
10. Amith Kurian
11. Anal Ligi
12. Angel Alias
13. Ann & Ethan
14. Annamma Varkey Pynadath
15. Aswin & Ackasha
16. Baby K.P & Family
17. Baby Paul & Family
18. Baby V.M & Family
19. Benny & Leena
20. Benny P. Mathew & Family
21. Benny T. Jacob & Famliy
22. Benyamin Samuel Mathew
23. Biju varghese & Family
24. Bincy Biju
25. Bini Sabu
26. Chacko P.I & Family
27. Cherian M.M & Family
28. Cherian P.M & Family
29. Christy & Sharom Paul
30. Daniel Samkutty
31. Diya & Deo
32. Eby Jacob & Family
33. Elais Thomas & Family
34. Eldho K.K & Family
35. Elsy Thomas & Family
36. George C.C & Family
37. George Kuriakose .V
38. George P.P
39. Issac Kurian John
40. Jaison K
41. James David & Family
42. Jasmine Dolly
43. Jerin Sam Jose
44. Jerson C & Family
45. Jessy Eldho
46. Jinny Johney & Family
47. Jisha Shibu
48. Jismole Jayan
49. Jobi Paul & Family
50. Jyothish Jacob
51. Kenan Mathukutty
52. Kevin Eldho
53. Lissy Varghese
54. M.A Kuriakose
55. Manju Santhosh
56. Manoj Sheela Kripa
57. Ninan Varkey
58. Paulose Chacko
59. Paulose M.P & Family
60. Paulose P.V & Family
61. Philip & Meenu
62. Prince P. Thomas & Family
63. Rajesh Jacob & Family
64. Raju K. Varghese & Family
65. Raju P.K & Family
66. Reji T. Thomas & Family
67. Renji Kurian
68. Ron Joseph
69. Rosy Thomas
70. Roy Mathai & Family
71. Sabu Paulose & Family
72. Saji Joseph & Family
73. Sarah George
74. Shiji John
75. Shinu Alias & Family
76. Siji Binu
77. Sinila Vinoy
78. Soney & Jacob Saju Eloor
79. Sony & Shiby
80. Soumya & Alan
81. Subin & Sherin
82. Sunil Chackochen & Family
83. Thomas Peter & Family
84. Thomas Philip & Family
85. Varghese C.T & Family
86. Varghese P.M

വി. മോർ ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മ പെരുന്നാൾ 2009 മേയ് 1 വെള്ളിയാഴ്ച വികാരി റവ: ഫാദർ മത്യൂവിന്റെ പ്രധാന കാർമ്മികത്വത്തിൽ കൊണ്ടാടി. പ്രഭാത പ്രാർത്ഥന, വി:കുർബ്ബാന, പ്രസംഗം, മദ്ധ്യസ്ഥ പ്രാർത്ഥന, ആശീർവാദം, നേർച്ച വിളമ്പ് എന്നിവയോടെ പെരുന്നാൾ സമാപിച്ചു.

# If Jesus came to your house

If Jesus came to your house
To spend some time with you,
If He came unexpected,
I wonder what you'd do.

Oh, I know you'd give your nicest room
To such an honoured guest
And all the food you'd give to Him
Would be the very best.

And you would keep assuring Him
You're glad to have Him there--
That serving Him in your home
Is joy beyond compare.

But when you saw Him coming,
Would you meet Him at the door
With arms outstretched in welcome
To your heavenly visitor?

Or would you have to change your clothes
Before you let Him in
Or hide some magazines
And put the Bible where they'd been

Would you hide your worldly music
and put some hymn books out?
Could you let Jesus walk right
in, or would you rush about?

And I wonder - if the Saviour
spent a day or two with you,
Would you go right on doing, the
things you always do?

Would you go right on saying, the
things you always say?
Or would life for you continue
as it does from day to day?

Would you take Jesus with you
everywhere you go?
Or would you maybe change your
plans for just a day or so?

Would you be glad to have Him
meet your closest friends?
Or would you hope they stay away,
until His visit ends?

Would you be glad to have Him
stay forever on and on?
Or would you sigh with great
relief when He at last was gone?

It might be interesting to know,
the things that you would do,
If Jesus came in person, to spend
some time with you.

Collected by SAI Manarcad

2009 മേയ് ലക്കം ബൈബിൾ ക്വിസ്സ് വിജയികൾ. (വിജയികൾക്ക് അഭിനന്ദനങ്ങൾ.)

അന്നമ്മ ജോസഫ്

1) Achama Elias,
2) Aleyamma Thomas,
3) Anju Ann Issac
4) Babu P V,
5) Biju Thelapilly
6) Binu Binoy
7) Bisy Eby,
8) Blessy Prajeesh
9) Dany Shaji
10) Delna Anna Abraham
11) Giby Elson,
12) Hepsy Binu
13) Joji Susan Mani
14) Sindu Joji
15) Laly C Joshua,
16) Lemma Ana
17) Linda Sara Abraham,
18) Mercy Abraham
19) Moly Baby,
20) Preethi Jijo,
21) Rajan C Daniel
22) Reji Solomon,
23) Rejina Joseph,
24) Seema Biju
25) Shaiby Bay
26) Shelby Jacob,
27) Shiny Saju
28) Shymol Eldho
29) Simi Elias,
30) Sony Roy,
31) Ziby Benny,

## ക്വിസ് നമ്പർ – 6
## (യോശുവ 1 – 12)

1–"നിങ്ങൾ ഞങ്ങളുടെ ഇടയിൽ പാർത്തിരിക്കെ ബഹുദൂരസ്ഥർ എന്നുപറഞ്ഞ് ഞങ്ങളെ വഞ്ചിച്ചത് എന്തിന്" യോശുവ പറഞ്ഞത് ആരോട് ?

2–യിസ്രായേൽ മക്കളുടെ നിമിത്തം അവരിൽ അശേഷം ചൈതന്യമില്ലാതായി, ചൈതന്യമില്ലാതായത് ആരിലെല്ലാം ?

3–"അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിന് നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കണം" ആര് ആരോട് പറഞ്ഞു ?

4–യഹോവ ആകാശത്തുനിന്നു കല്മഴ പെയ്യിപ്പിച്ചുകൊന്നതാരെ ?

5–ശപഥാർപ്പിത വസ്തു എടുത്തവ്യക്തി ഏതു ഗോത്രക്കാരൻ ?

6–എവിടുത്തെ കടലാണ് ഉപ്പുകടൽ എന്ന് അറിയപ്പെടുന്നത് ?

7–ഞങ്ങൾ മോശയെ സകലത്തിലും അനുസരിച്ചതുപോലെ നിന്നെയും അനുസരിക്കും, യോശുവായോട് ആരെല്ലാമാണ് പറഞ്ഞത് ?

8–യിസ്രായേൽ ജനം യോർദ്ദാനിൽ നിന്ന് കയറി യെരീഹോവിൻെറ കിഴക്കേ അതിരിലുള്ള ഗിൽഗാലിൽ പാളയമിറങ്ങിയത് എത്രാം മാസം എത്രാം തീയതി ?

9–ചിലർ രാത്രിയിൽ ദേശത്തെ ശോധന ചെയ്യുവാൻ വന്നിരിക്കുന്നു എന്ന് ഏതു രാജാവിനാണ് അറിവു കിട്ടിയത് ?

10–'നീ ഞങ്ങളെ വലച്ചത് എന്തിന്? യഹോവ ഇന്നു നിന്നെ വലയ്ക്കും.' എന്ന് യോശുവ പറഞ്ഞത് ആരോട് ?

11–ഏതു പട്ടണം പണിയാൻ തുനിയുന്ന മനുഷ്യൻ യഹോവയുടെ മുമ്പാകെ ശപിക്കപ്പെട്ടവൻ എന്ന് യോശുവ പറഞ്ഞത് ?

12–രാഹാബ് പാർത്തിരുന്നത് എവിടെ ?

13–ന്യായപ്രമാണ പുസ്തകം ആരുടെ പേരിലാണ് അറിയപ്പെടുന്നത് ?

14–ആരുടെ കാൽ യോർദ്ദാനിലെ വെള്ളത്തിൽ ചവിട്ടിയപ്പോഴാണ് വെള്ളം ചിറപോലെ നിന്നത് ?


15–മക്കേദയിലെ ഗുഹയിൽ ഒളിച്ചിരുന്ന രാജാക്കന്മാരെ കൊന്ന് യോശുവ എത്ര മരത്തിലാണ് തൂക്കിയത് ?

## ക്വിസ് നമ്പർ – 5 ഉത്തരങ്ങൾ

| | |
|---|---|
| 1–മെഫീബോശെത്ത് | 19:24 |
| 2–അഹീഥോഫെൽ | 15:31 |
| 3–യോവാബ് | 24:2 |
| 4–ഏലിയാം | 11:3 |
| 5–റിസ്പാ | 21:9,10 |
| 6–ബെനായാവ് | 23:20 |
| 7–അബ്ശാലോം | 19:33 |
| 8–ബിക്രി | 20:1 |

| | |
|---|---|
| 9–22 : 26 | |
| 10–ശിമെയി | 16:8 |
| 11–താമാർ | 13:13 |
| 12–5ം ശേക്കൽ | 24:24 |
| 13–യോനാഥാനും അഹീമാസും | 17:18 |
| 14–ദാവീദ് | 12:5 |
| 15–തെക്കോവക്കാരത്തി | 14:11 |

# Are You Bible Literate?
## Bible Crossword #6 (June 2009)




Leela Alexander

**ACROSS**

1 Do violence to no man, neither accuse any falsely; and be content with your wages
2 And after thee shall arise another kingdom inferior to thee, and another third kingdom of brass which shall bear rule over all the earth
3 Lord, trouble not thyself, for I am not worthy that thou should enter under my roof
6 He shall speak peace unto the heathen; and his dominion shall be from sea even to sea
8 Hast thou found me, o mine enemy?
9 Woe to them that devise iniquity and work evil upon their beds
10 My mother and my brethren are these which hear the word of God and do it
11 We have found him, of whom Moses in the law and the prophet did write, Jesus of Nazareth, the son of Joseph

**DOWN**

1 Why is my pain perpetual, and my wound incurable, which refuseth to be healed
2 I shall now perish one day by the hand of Saul
4 Jesus Christ maketh thee whole; arise and make thy bed
5 What I have written, I have written
7 Will a man rob God?
8 Can two walk together, except they be agreed?
9 Son, why hast thou thus dealt with us? Behold, thy father and I have sought thee sorrowing

**Useful References: Acts 9, Jeremiah 15, Daniel 2, John 1, Luke 3, Acts 19, Luke 7, Malachi 3, Micah 2, Luke 8, 1 Samuel 27, 1 Kings 21, Amos 3, Luke 2, Zechariah 9**

This is the sixth in the series of Bible crossword puzzles for 2009. All the clues in this month's crossword are from words spoken by famous people in the bible.

**Find who said these words.**

Solve the crossword and deposit your answers in the box near the door to the church within 14 days after the release of the news letter. This contest is open to all; Sunday school students and adults. The winners' names will be published in the Church Newsletter. The annual award is given only to Sunday school students. A few references are given. Use them if necessary. You may also send the answers to me by email. My email address is **bibleliterate@gmail.com**

## Answer to Bible Crossword #5 May 2009

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| A | | | | J | O | S | E | P | H | | | |
| H | | E | | O | | | | | | | | |
| A | U | G | U | S | T | U | S | | | | | |
| S | | L | | I | | | | | | | | A |
| U | | O | | A | | | | D | A | V | I | D |
| E | | N | | H | | | | | | | | O |
| R | | | S | | H | | S | A | R | G | O | N |
| U | | | O | | E | | | M | | | | I |
| S | A | U | L | | R | | | A | | | | J |
| | | | O | | O | | | Z | | A | | A |
| | | | M | | D | A | R | I | U | S | | H |
| | | | O | | | | | A | | A | | |
| | M | A | N | A | S | S | E | H | | | | |

## Winners of Bible Crossword May 2009

1. Acsah Elizabeth Abraham.
2. Akhil Basil Paulose
3. Anju Paulose
4. Ashik James
5. Aswin Kurian Abraham
6. Chris Raju Joseph
7. Christy Mary Thomas
8. Elsa Maria Thomas
9. Flemy P Eby
10. Jackson Jerom James
11. Joseph Sabu
12. Kamal Baby Paul
13. Lian Gigo
14. Manuel Benny
15. Maria Anna Eldho
16. Milan Mani Mathew.
17. Naomy Johns
18. Ria Mariam
19. Ron Joseph
20. Samuel Benny
21. Sandra Saju
22. Sherin Susan Isaac.
23. Sian Gigo
24. Sneha Elsa Kuruvilla
25. Thomas Sabu
26. Vivek Solomon

26/38

Mistake happened to print name of 2 winners of crossword No: 4

1. Lian Gigo
2. Sian Gigo.

## Creator

1- I don't know you why you created me
But I know that there is a reason behind that
*Chorus: Glory to Jesus. Glory to Jesus [2]*
2- Jesus what you all created looks so good
I think you want me to do your job
*Chorus: Glory to Jesus. Glory to Jesus [2]*
3- I want to be with you in my whole life
Because you are the one who is blessing me
4- Without your help it is impossible to live
*Repeat 1st stanza.*

**By Ahly Shaju**

# പ്രതിബന്ധങ്ങളാൽ ഉളവാകുന്ന ആത്മബലം!

ഒരിക്കൽ ഒരാൾ ഒരു സ്വപ്നം കണ്ടു. 'ആ വലിയ പാറയെ തള്ളുക' എന്ന് ദൈവം തന്നോട് സ്വപ്നത്തിൽ ആവശ്യപ്പെട്ടു. പക്ഷേ, അതിന്റെ അർത്ഥമെന്താണെന്ന് അയാൾ എത്ര ആലോചിച്ചിട്ടും മനസ്സിലായില്ല. എന്നാൽ, രാവിലെ അയാൾ തന്റെ കുടിലിനു പുറത്തുവന്നപ്പോൾ, മലമുകളിൽ നിന്നും ഉരുണ്ടുവന്ന ഒരു കൂറ്റൻ പാറ തന്റെ വീടിന്റെ സമീപം കിടക്കുന്ന കാഴ്ച കണ്ട് ഞെട്ടി!

സ്വപ്നം യാഥാർത്ഥ്യമായതിനാൽ, അയാൾ സ്വപ്നത്തിൽ കേട്ട നിർദ്ദേശം ചോദ്യം ചെയ്യാതെ അനുസരിക്കുവാൻ തയ്യാറായി. അന്നുമുതൽ, ആ വലിയ പാറ തള്ളിമാറ്റുവാൻ, അയാൾ എല്ലാദിവസവും, കാലത്തും വൈകിട്ടും, അല്പസമയം ചിലവഴിക്കുക പതിവാക്കി. പക്ഷേ, ആ പാറ അല്പം പോലും അനങ്ങിയില്ല. ദൈവം തന്നെയാണ് തന്നോട് സ്വപ്നത്തിൽ ഇടപെട്ടതെന്ന് പൂർണ്ണമായി വിശ്വസിച്ച ആ മനുഷ്യൻ, അതു പാഴ്വേലയാണെന്ന് പലരും പറഞ്ഞിട്ടും, തന്റെ ശ്രമം അവിരാമം തുടർന്നു. അങ്ങനെ, ആഴ്ചകൾ മാസങ്ങൾക്കും മാസങ്ങൾ വർഷങ്ങൾക്കും വഴിമാറിയെങ്കിലും അയാൾ തന്റെ പരിശ്രമം മതിയാക്കിയില്ല.

ഒരുദിവസം അയാൾ പാറ തള്ളിമാറ്റുവാൻ ശ്രമിക്കവേ, ഒരു വഴിയാത്രക്കാരൻ അയാളോട് തന്റെ ഉദ്ദേശം എന്താണെന്ന് ചോദിച്ചു. 'ഈ പാറ തള്ളിമാറ്റുവാൻ ദൈവം എന്നോട് ആവശ്യപ്പെട്ടു' എന്ന് സങ്കോചമെന്യേ അയാൾ ഉത്തരം നൽകി. വഴിയാത്രക്കാരൻ പരിഹാസം അടക്കിക്കൊണ്ട് പറഞ്ഞു: 'നിങ്ങൾക്ക് തെറ്റുപറ്റിയതാവും, ഇത്രയും വലിയ ഒരു പാറ ആർക്കും ഒരിക്കലും തള്ളിമാറ്റാനാവില്ല.' അയാളോട് മറുപടി പറഞ്ഞ് സമയം നഷ്ടമാക്കുവാൻ മനസ്സില്ലാത്താതിനാൽ അയാൾ തന്റെ ശ്രമം തുടർന്നു.

ആഴ്ചകൾക്കുശേഷം മറ്റൊരു യാത്രക്കാരൻ അതുവഴി വന്നു. ആ പാറ തള്ളിമാറ്റുവാൻ ശ്രമിച്ചുകൊണ്ടിരുന്ന മനുഷ്യനോട് അയാളും കാര്യം അന്വേഷിച്ചു. 'ഈ പാറ തള്ളിമാറ്റുവാൻ ദൈവം എന്നോട് ആവശ്യപ്പെട്ടു' എന്ന മറുപടി കേട്ട ആ യാത്രക്കാരന് പരിഹാസമല്ല ദേഷ്യമാണ് ഉണ്ടായത്! . അയാൾ ചോദിച്ചു: 'ദൈവം ഒരു മണ്ടനാണെന്നാണോ നിങ്ങളുടെ വിചാരം, അസാദ്ധ്യമായ ഈ കാര്യം ചെയ്വാൻ ഒരിക്കലും ദൈവം ആരോടും ആവശ്യപ്പെടില്ല. ആകയാൽ, ഈ പാഴ്വേല അവസാനിപ്പിച്ചിട്ട് ഈ ഊർജ്ജം ഫലപ്രദമായ മറ്റെന്തിനെങ്കിലും ഉപയോഗിക്കുകയാണ് ബുദ്ധി.'

അന്നുരാത്രി, പ്രാർത്ഥനയിൽ, ആ മനുഷ്യൻ ദൈവത്തോട് ചോദിച്ചു: 'ദൈവമേ, അവിടുന്ന് ആവശ്യപ്പെട്ടത് ഞാൻ ചെയ്തു. പക്ഷേ, എന്റെ അദ്ധ്വാനം പാഴായതല്ലാതെ ഒരുഫലവും ഉണ്ടായില്ല. വഴിയാത്രക്കാർ എല്ലാവരും

എന്നെ പരിഹസിക്കുന്നു. അവിടുന്നും എന്നെ കളിയാക്കുവാൻ ശ്രമിക്കുകയാണോ എന്ന് ഇപ്പോൾ ഞാൻ സംശയിക്കുന്നു.'

ദൈവം അപ്പോൾ അയാളോട് വളരെ നേരിയ സ്വരത്തിൽ ചോദിച്ചു: 'എന്റെ മകനേ, നിന്റെ ബലിഷ്ടമായ മാംസപേശികളും കൈകാലുകളും നോക്കൂ! നിനക്കു സിദ്ധിച്ച കായികബലം നോക്കൂ!! നിന്നിൽ സംഭവിച്ച മാറ്റം നീ കണ്ടില്ലേ? നീ ഇപ്പോൾ ആൾ മാറിയവനെപ്പോലെ ആയില്ലേ? നീ തള്ളിയാൽ ആ പാറ നീക്കാനാവുമെന്ന് ഞാൻ ഒരിക്കലും നിന്നോടു പറഞ്ഞിട്ടില്ല. 'ആ വലിയ പാറയെ തള്ളുക' എന്നുമാത്രമേ ഞാൻ നിന്നോടാവശ്യപ്പെട്ടുള്ളു.'

ദൈവം നമ്മോട് ആവശ്യപ്പെടുന്ന കാര്യങ്ങൾ, പലപ്പോഴും, എന്തിനെന്ന് നമുക്ക് മനസ്സിലാകണമെന്നില്ല. മറ്റുള്ളവർക്കും അതിന്റെ പൊരുൾ പിടികിട്ടിയില്ലെന്നുവരാം. എങ്കിലും, ഒരു കാര്യം ഉറപ്പാണ്, 'ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മയ്ക്ക്യായിക്കൂടി വ്യാപരിക്കുന്നു' (റോമർ 8:28) കാഠിന്യമേറിയ വഴികളിലൂടെ നടത്തപ്പെടുമ്പോൾ, ദൈവമേ ഇത് എന്തുകൊണ്ടെന്ന് നാം ചോദിച്ചെന്നിരിക്കാം. അപ്പോഴും, ദൈവത്തിന്റെ ഉത്തരത്തിനു മാറ്റമില്ല: 'ശുഭകരമായി പ്രവർത്തിക്കുവാൻ നിന്നെ അഭ്യസിപ്പിക്കുകയും നീ പോകേണ്ടുന്ന വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന നിന്റെ ദൈവമായ യഹോവ ഞാൻ തന്നേ' (യെശ. 48:17)

സംതൃപ്തിയുടെ രഹസ്യം ഇഷ്ടമുള്ളത് ചെയ്യുന്നതിലല്ല, ചെയ്തതിൽ ഇഷ്ടപ്പെടുന്നതാണ്. (ജെയിംസ് ബാരി)

Identify The Following Picture & SMS Your Answer

To 39952360 On Or Before 30-06-09


## Cottage Prayer Meetting

**(ഭവന പ്രാർത്ഥനാ യോഗം)**


ഈ മാസത്തെ cottage prayer meetting (ഭവന പ്രാർത്ഥനാ യോഗം) 2009 ജൂൺ 26 വെള്ളിയാഴ്ച വൈകീട്ട് 7:30–ന് ശ്രീ ജോർജ്ജ് കുറിയാക്കോസിൻെറ വസതിയിൽ വച്ച് നടത്തപ്പെടുന്നു. വിശ്വാസികൾ ഏവരും വന്ന് സംബന്ധിച്ച് അനുഗ്രഹീതരാകുവാൻ കർതൃ നാമത്തിൽ അഭ്യർത്ഥിക്കുന്നു.

**Cottage Address:**

Floor: 7th, Flat#:72
Road#: 2412
Al Fala 1, Behind Grant Mosque, Juffair
Contact No:



## NEW MEMBERS TO OUR PARISH



KURIAKKOSE MADEKKAL POULOSE

MADEKKAL HOOSE, MORAKKALA, KUMARAPURAM PO

ERNAKULAM [DIST], TEL#: +914842442787

HOME PARISH: ST MARY'S CATHEDRAL PALLIKKARA

DIOCES: ANKAMALY

HANGAR RESTAURENT, BAHRAIN AIRPORT, BAHRAIN. MUHARAQ

CONTACT TEL#: 17336908 & 39671387



ABU K PAUL

KUZHUPILLYKKARA HOUSE, VADAVUCODE PO

ERNAKULAM [DIST],

HOME PARISH: ST MARY'S JSO CHURCH VADAVUCODE

DIOCES: KOCHI

POST BOX: 76198, MANAMA, GUDAIBIYA, BAHRAIN

CONTACT TEL#: 36778257



SABU MATHEW [S-096]

ARACKAL HOUSE, THURUTHUSSERY, MEKKADU P.O

NEDUMBASSERY, ERNAKULAM [DIST],

MOR SABOR AFROTH JSO CATHREDRAL, AKAPARAMBU

DIOCES: ANKAMALY

ABDUL RAHMAN ALI AL SAAD GROUP WLL, P.O BOX: 54273, HOORA, BAHRAIN.

CONTACT TEL#: 39960717



ARUN PETER [A-044]

THUNDINAL HOUSE, VADAYAMBADI, P.O

ERNAKULAM [DIST],

HOME PARISH: ST. MARY'S JSO CHURCH, VADAVUCODE

DIOCES: KOCHI

BAHRAIN POWER COMPUTERS HOORA, BAHRAIN.

CONTACT TEL#: 38344254



LIJO N JOY [L-010]

NALLEDITHAKKATHIL HOUSE

IRINGOL P.O, PERUMBAVOOR P.O, ERNAKULAM [DIST],

HOME PARISH: BETHEL SULOKO CATHEDRAL PERUMBAVUR

DIOCES: ANKAMALY

NAEJAT MAINT & TRADING EST. P.O BOX: 20631, RAS RUMAN, BAHRAIN

CONTACT TEL#: 38355946



SUNIL C P [S-097]

CHEMMALA HOUSE

PUNNORCODU KARA, PAZHANTHOTTAM P.O, 683565

HOME PARISH: ST: MARY'S CATHEDRAL MORAKKALA

DIOCES: ANKAMALY

YAQUBI STORES, P.O BOX: 158, MANAMA CENTER, BAHRAIN

CONTACT TEL#: 30922113